പതിമൂന്നാം കേരളനിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3305

9.4.2013 ലെ മറുപടിക്ക്

## അധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിലെ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഏതെങ്കിലും സ്കൂളിൽ നിന്ന് അധ്യാപകർ ഇന്റർനെറ്റ് വഴി അപേക്ഷിക്കുകയും പകർപ്പ് ഹെഡ്മാസ്റ്റർക്ക് നൽകുകയും ചെയ്തിട്ടും ഹെഡ്മാസ്റ്ററുടെ കൃത്യവിലോപം കാരണം അപേക്ഷ യഥാസമയം മേലധികാരിക്ക് സമർപ്പിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;<br>(ബി) ഈ പരാതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) & (ബി) ഉണ്ട്. പൊന്നാനി സബ് ജില്ലയിലെ ജി.എം.യു.പി സ്കൂൾ വെളിയംകോട് സൗത്തിലെ ഫുൾടൈം ജൂനിയർ ഹിന്ദിടീച്ചർ ശ്രീ.എം.വി.കലാധരൻ നായർ അന്തർജില്ലാസ്ഥലമാറ്റത്തിനായി സമർപ്പിച്ച അപേക്ഷ യഥാസമയം ടി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ മേലധികാരിക്ക് സമർപ്പിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിലെ ജി.എച്ച്.എസ്.എസ് കാട്ടിലങ്ങാടിയിൽ നിന്നും 14 അദ്ധ്യാപകർ അന്തർജില്ലാസ്ഥലമാറ്റത്തിനപേക്ഷിക്കുകയും യഥാസമയം അപേക്ഷയുടെ പ്രിന്റൗട്ട് പ്രധാനാദ്ധ്യാപകന് നൽകിയിട്ടും ഓൺലൈനിൽ ശുപാർശ ചെയ്യുന്നതിന് കഴിഞ്ഞില്ലെന്ന ഒരു പരാതി ടി സ്കൂളിലെ പ്രധാനാദ്ധ്യാപിക ഡി.പി.ഐ - ൽ നൽകിയിട്ടുണ്ടെന്നും ഈവിഷയത്തിൽ ഇത്തരം അപേക്ഷകൾ പരിഗണിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിയില്ലെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും കാണിച്ച് മറുപടി നൽകിയിട്ടുണ്ട്. ടി സ്കൂൾ അദ്ധ്യാപിക ശ്രീമതി.ആർ.ലാലി നൽകിയ പരാതി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം വിദ്യാഭ്യാസഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ മലപ്പുറത്തു നിന്നും തിരുവനന്ത പുരത്തേക്കുള്ള ട്രാൻസ്ഫർ ലിസ്റ്റിൽ കഴിഞ്ഞ 5 വർഷമായി ഒന്നാം റാങ്കുകാരനായിരുന്ന അധ്യാപകൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്. ശ്രീ.എം.വി.കലാധരൻ നായർ എന്നാണ് പ്രസ്തുത അദ്ധ്യാപകന്റെ പേര്. ടിയാനെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത അധ്യാപകന്റെ പേര് വ്യക്തമാക്കുമോ; ടിയാനെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതി നുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ